ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സെപ്റ്റിക്ക് ടാങ്ക് ലീക്ക് ചെയ്യുന്നില്ല. ശാശ്വത പരിഹാരത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മുടങ്ങിക്കിടന്ന ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്.

കായംകളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നത്

47 (754) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കായംകളം താലൂക്കാശുപത്രിയിൽ സർജൻ ഉൾപ്പെടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 19645/എം1/13/ആകുവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. ടി പ്രൊപ്പോസലിലെ തസ്തികകളുടെ എണ്ണം 226 ആയതിനാൽ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

48 (755) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 283-ഓളം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(ആർ.റ്റി) നമ്പർ 385/14/ആകുവ തീയതി 3-2-2014 പ്രകാരം എൻ.ആർ.എച്ച്.എം-ന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 161 പി.എച്ച്.സി.-കളിൽ പ്രൈമറി ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പി.എച്ച്.സി.-കളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും പദ്ധതി/പദ്ധതിയേതര വിഹിതം, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും പി.എച്ച്.സി.-കളിൽ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ്, എക്സ്റേ യൂണിറ്റ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്യാൻസർ രോഗ ബാധിതരും ചികിത്സാ സൗകര്യങ്ങളും

49 (756) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ ആശുപത്രികളിലാണ് ക്യാൻസർ രോഗചികിത്സയ്ക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് ക്യാൻസർ രോഗ ബാധിതരാകുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വൻ വർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വർദ്ധനവിനാനുപാതികമായി ആധുനികാചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലാകളിലും ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ ;

(സി) കൊച്ചിയിൽ ക്യാൻസർ രോഗത്തിന് പ്രത്യേക ആശുപത്രി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന്; ഈ തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;